നടപടി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി മന്ത്രിസഭാ തലത്തിൽ ഉടനെ തന്നെ സ്വീകരിക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, സ്റ്റിമുലസ് പാക്കേജിൽ വന്ന ഒരു പദ്ധതിയാണ് ഏറ്റുമാനൂർ-മണർകാട് ബൈപ്പാസ്. അതിന് തടസ്സമായി നിൽക്കുന്നത് 14.62 ഹെക്ടർ സ്ഥലം ഏറ്റെടുക്കുക എന്നുള്ളതാണ്. അത് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും അതിന്റെ നടപടിയായിട്ടില്ല. അത് മന്ത്രിസഭായോഗത്തിൽ എത്രയും പെട്ടെന്ന് കൊണ്ടുവന്ന് നടപടി സ്വീകരിക്കുന്നതാണ്.

15. കെ.പി.എസ്.ടി.യു. സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരം

ശ്രീ. സി. പി. മുഹമ്മദ് : സർ, പൊതുവിദ്യാഭ്യാസ മേഖലയിലെ 21 അദ്ധ്യാപക സംഘടനകളുടെ സംയുക്ത അദ്ധ്യാപക സമിതിയുടെ നേതൃത്വത്തിൽ ഘടക സംഘടനാ നേതാക്കളുടെ കൂട്ടധർണ ഇന്ന് രണ്ടുമണി മുതൽ അഞ്ചുമണിവരെ സെക്രട്ടേറിയറ്റ് നടയിൽ നടക്കുകയാണ്. പ്രധാനമായും നാല് ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. അവ ശമ്പള കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞ് കേന്ദ്ര തുല്യത ഉറപ്പ് വരുത്തി ശമ്പളം പരിഷ്കരിക്കുക, പ്രൈമറി-സെക്കണ്ടറി-ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ അദ്ധ്യാപകർക്ക് കേന്ദ്ര തുല്യത ഉറപ്പുവരുത്തി ശമ്പളം പരിഷ്കരിക്കുക, ശമ്പള പരിഷ്കരണത്തിലൂടെ അദ്ധ്യാപകരെ തരം താഴ്ത്താനുള്ള നീക്കം ഉപേക്ഷിക്കുക, അൺ എക്കണോമിക് സ്കൂൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുക, നിയമന അംഗീകാരം ലഭിച്ച മുഴുവൻ അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ നൽകുക എന്നിവയാണ്. ഈ ആവശ്യങ്ങൾ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ സബ്മിഷന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, ശമ്പളകമ്മീഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളാണ്. അത് സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനുവേണ്ടി മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് പരാതിക്കാരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നത്. മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനം വരുമ്പോൾ വീണ്ടും പരാതിയുണ്ടെങ്കിൽ അത്തരം പരാതികൾ പരിശോധിക്കാൻ ധനകാര്യവകുപ്പിൽ സംവിധാനമുണ്ടാകും. ഈ സൗകര്യങ്ങൾ അദ്ധ്യാപകർക്കും അദ്ധ്യാപക സംഘടനകൾക്കും പ്രയോജനപ്പെടുത്താൻ കഴിയും. മറ്റൊന്ന് പ്രൊട്ടക്ഷന്റേയും അനാദായകരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്കൂളുകളുടേയും കാര്യമാണ്. ഒരു സ്കൂളും അനാദായകരമെന്ന് വിശേഷിപ്പിക്കപ്പെടേണ്ടതില്ലെന്നാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. വളരെ തുച്ഛം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളാണെങ്കിലും അവിടെ വിദ്യാഭ്യാസം നടക്കുന്നു എന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അത് സമൂഹത്തിന് ആദായകരമാണ്. എന്നാൽ ഇത് നടത്തിക്കൊണ്ട് പോകുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതിൽ രമ്യമായ തീരുമാനം കൈക്കൊള്ളാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

16. മിനി സിവിൽ സ്റ്റേഷന്റെയും കോർട്ട് കോംപ്ലക്സിന്റെയും നിർമ്മാണം

ശ്രീ. ബി. ബാബു പ്രസാദ്: സർ, 2009-2010-ലെ സ്റ്റിമുലസ് പാക്കേജിൽ സർക്കാർ ഹരിപ്പാട് മിനി സിവിൽ സ്റ്റേഷനും കോർട്ട് കോംപ്ലക്സും പ്രഖ്യാപിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. മിനി സിവിൽ സ്റ്റേഷനുവേണ്ടി മൂന്നു കോടി രൂപയും കോർട്ട് കോംപ്ലക്സിനുവേണ്ടി രണ്ടരക്കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഈ രണ്ട് പദ്ധതികൾക്കും സംസ്ഥാന ചീഫ് ആർക്കിടെക്ട് സ്ട്രക്ച്ചർ പൂർത്തിയാക്കി ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം മുഖേന അംഗീകാരം നൽകിയതും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതുമാണ്. അതിനു ശേഷം അനിയന്ത്രിതമായ കാലതാമസമാണ് ഈ പദ്ധതികളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഈ രണ്ട് പദ്ധതികളും പൂർത്തിയാകാത്തതുമൂലം ഹരിപ്പാട് നഗരം ശ്വാസംമുട്ടുകയാണ്. അവിടെ നിലവിലുള്ള സിവിൽ സ്റ്റേഷനുപകരമുള്ള താലൂക്ക് ആഫീസ് കെട്ടിടം ഹെറിറ്റേജ് കെട്ടിടമായി പ്രഖ്യാപിച്ചതുകൊണ്ട് ഇനിയത് വികസിപ്പിക്കുന്നതിനും പൊളിച്ചുകളയുന്നതിനും ബുദ്ധിമുട്ടാണ്. ആ സാഹചര്യത്തിൽ മിനി സിവിൽ സ്റ്റേഷന്റെയും കോർട്ട് കോപ്ലക്സിന്റെയും നിർമ്മാണം പ്രാവർത്തികമാക്കണം.

11.00 AM]

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഇത് രണ്ട് സബ്മിഷനാണ്. മൂന്നുകോടി രൂപയ്ക്ക് 14-7-2009-ലാണ് മിനി സിവിൽ സ്റ്റേഷന് ഭരണാനുമതി നൽകിയത്. 345 ലക്ഷം രൂപയ്ക്കാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളത്. അത് 12-5-2010-ൽ റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 29-6-2010-ൽ റീ-ടെണ്ടർ ചെയ്യുകയും കൺസ്ട്രക്ഷൻ കോർപ്പറേഷന് 29.9 ശതമാനം എസ്റ്റിമേറ്റ് റേറ്റിൽനിന്നും ഉയർന്ന നിരക്കിൽ ടെണ്ടർ ലഭിക്കുകയും ചെയ്തു. 9-9-2009-ൽ കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി ടെണ്ടർ 20 ശതമാനം ഉയർന്ന നിരക്കിൽ അനുമതി നൽകുകയുമുണ്ടായി. ഈ റേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് സ്വീകാര്യമല്ലാത്തതിനാൽ അവർ കാട്ടുചെയ്ത ഉയർന്ന നിരക്ക് അനുവദനീയമാണോയെന്ന് ധനകാര്യവകുപ്പ് പരിശോധിച്ച് തീരുമാനമെടുക്കണം. ശ്രീ. ബി. ബാബു പ്രസാദ് പറഞ്ഞതുപോലെ ഇതിന് കാലതാമസം വന്നുകൂടാ. ഇക്കാര്യത്തിൽ ഉടൻ തീരുമാനമെടുക്കും. കോർട്ട് കോംപ്ലക്സ് പ്രവൃത്തിക്ക് 14-8-2009-ൽ ഭരണാനുമതി നൽകുകയും പി.ഡബ്ലിയു.ഡി. ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കിയ പ്ലാൻ ഹൈക്കോടതി 6-9-2010-ൽ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് വിശദമായ പരിശോധന പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 284 ലക്ഷം രൂപയുടെ ടെക്നിക്കൽ സാങ്ഷൻ നൽകിക്കഴിഞ്ഞു. പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly